പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം

137 [1116] **ശ്രീ. ടി. കെ. ബാലൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വികസന വകുപ്പ് നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഏതെല്ലാമാണ്;

(ബി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന എഞ്ചിനീയറിംഗ്/മെഡിക്കൽ വിദ്യാർത്ഥികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) മാനേജ്മെന്റ് കോട്ടയിൽ അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം നൽകുന്നുണ്ടോ;

(ഡി) ഇവർക്ക് ഈ ആനുകൂല്യം നിഷേധിക്കുന്നതായുള്ള പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിൻമേൽ സർക്കാർ കൈക്കൊണ്ട തീരുമാനം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വാർഷിക ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്ന പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്ക് യഥാർത്ഥ താമസ-ഭക്ഷണ ചെലവുകൾ, പോക്കറ്റ്മണി എന്നിവ നൽകുന്നുണ്ട്. എസ്.എസ്.എൽ.സി., ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് മികച്ച വിജയത്തിനായി കോച്ചിംഗ് ക്യാമ്പുകൾ നടത്തുകയും ചെയ്യുന്നുണ്ട്. എസ്.എസ്.എൽ.സി., ഹയർ സെക്കന്ററി പരീക്ഷകളിൽ പരാജിതരാകുന്നവർക്ക് ട്യൂട്ടോറിയലുകളിൽ ചേർന്നു പഠിക്കുവാൻ ധനസഹായവും നൽകുന്നുണ്ട്.

ലോവർ പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് തങ്ങളുടെ കുട്ടികളെ മുടങ്ങാതെ സ്കൂളുകളിൽ അയയ്ക്കുന്നതിന് പ്രോത്സാഹന ധനസഹായമായി പ്രതിമാസം നൽകിവന്നിരുന്ന 10 രൂപ 50 രൂപയായി വർദ്ധിപ്പിച്ച് നടപ്പുവർഷം മുതൽ നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) സ്വകാര്യ-സ്വാശ്രയ കോളേജുകളിലെ പേയ്മെന്റ് സീറ്റുകളിൽ പ്രവേശനം ലഭിക്കുന്നവരൊഴികെ മറ്റെല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഫീസിളവും വാർഷിക ലംപ്സംഗ്രാന്റും നൽകിവരുന്നു. കൂടാതെ ദിവസേന വീട്ടിൽ നിന്നും പോയി വരുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപ്പന്റും ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്നവർക്ക് യഥാർത്ഥ താമസ-ഭക്ഷണ ചെലവുകളും പോക്കറ്റ്മണിയും നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി) ഉണ്ട്.

(ഇ) മാനേജ്മെന്റ് കമ്മിറ്റിയിൽ പ്രവേശനം നേടി നിലവിൽ പഠിച്ചു കൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

പഠന ഉപകരണങ്ങളും ഗൈഡുകളും നൽകുവാനുള്ള പദ്ധതി

138 [1117] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന ഉപകരണങ്ങളും ഗൈഡുകളും നൽകുവാനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്ക് സർക്കാരിലേക്കുള്ള ശുപാർശ നൽകിയത് ആരായിരുന്നു;

(സി) പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് നൽകുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് ഇതിനകം ഏതെങ്കിലും ഗൈഡ് വാങ്ങുകയുണ്ടായോ; മുൻ അദ്ധ്യയന വർഷവും ഈ അദ്ധ്യയന വർഷവും എത്ര ഗൈഡുകൾ വാങ്ങുകയുണ്ടായി;

(ഡി) ഗൈഡിന്റെ ഗുണനിലവാരം അവലോകനം ചെയ്തത് ഏത് ഏജൻസിയായിരുന്നു;

(ഇ) ഗൈഡ് നൽകുന്നത് സംബന്ധിച്ച കേരളാ ഹൈക്കോടതിയിൽ നിന്നും ഏതെങ്കിലും വിധി ഉണ്ടായിരുന്നോ; എങ്കിൽ അത് എന്തായിരുന്നു എന്നും കോടതി നിർദ്ദേശത്തിനു വിരുദ്ധമായി ഗൈഡ് വാങ്ങിയതായി പരാതി ഉണ്ടായിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന ഉപകരണങ്ങളും ഗൈഡുകളും വാങ്ങുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടില്ല. എന്നാൽ കഴിഞ്ഞ വർഷം (2003-2004) എസ്.എസ്.എൽ.സി.-യ്ക്കു പഠിച്ചിരുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 'റാങ്ക് ഫയൽ' വാങ്ങി വിതരണം നടത്തിയിരുന്നു.

(ബി) പട്ടികജാതി വികസന ഡയറക്ടറേറ്റിൽ നിന്നും സർക്കാരിലേയ്ക്ക് ശുപാർശ നൽകിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly